**Malayala Manorama**

**17 August 2018**

**Thiruvananthapuram, Houses Collapsing**



## ‘വീടുകൾ ഇടിഞ്ഞു താഴുന്നതു ശ്രദ്ധിക്കണം’

തിരുവനന്തപുരം ● കനത്ത മഴയിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും വർധിക്കുന്നതിനൊപ്പം വീടുകൾ ഇടിഞ്ഞുതാഴുന്നതും വ്യാപകം. ഇതു മണ്ണിടിച്ചിൽ പോലെയുള്ള പ്രതിഭാസമാണെന്നും ഭൂമിക്കടിയിൽ ചെളിയുള്ള മേഖലയിലാണ് അപകടങ്ങൾ കൂടുന്നതെന്നും നാഷനൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിലെ കൺസൽറ്റന്റ് ഡോ. ജോൺ മത്തായി പറഞ്ഞു.

വീട് ഇടിഞ്ഞുതാഴുന്നതു ചെരിവില്ലാത്ത മേഖലകളിലും സംഭവിക്കാമെന്നും അദ്ദേഹം പറഞ്ഞു.